**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 424** **02-02-2023 - ൽ മറുപടിയ്ക്ക്**

**ജി.എസ്.ടി. വിഹിതം വർദ്ധിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ. എച്ച്. സലാം | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | രാജ്യത്തിന്റെ മൊത്തം ചെലവിന്റെ 62.4 ശതമാനം സംസ്ഥാനങ്ങൾ വഹിക്കുന്നുവെന്ന് ധനകാര്യ കമ്മീഷൻ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ കേന്ദ്ര സർക്കാർ ഡിവിസിബിൾ പൂളിൽ നിന്നു വൻതുക ഒഴിവാക്കിയത് കാരണം ആകെ നികുതിയുടെ 30 ശതമാനം മാത്രം സംസ്ഥാനങ്ങൾക്ക് ലഭ്യമാകുന്ന സാഹചര്യം സംസ്ഥാനങ്ങളുടെ ഭരണ നിർവഹണ ശേഷി കുറയ്ക്കുമെന്നതിനാൽ ജി.എസ്.ടി. വിഹിതം വർദ്ധിപ്പിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടുമോ; | (എ) | റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷത്തിലെ കേന്ദ്ര ബഡ്ജറ്റിന്റെ മുന്നോടിയായി കേന്ദ്ര ധനകാര്യ മന്ത്രി 25.11.2022ൽ സംസ്ഥാന ധനമന്ത്രിമാരുമായി നടത്തിയ പ്രീ-ബഡ്ജറ്റ് മീറ്റിംഗിൽ ജി.എസ്.ടി. വിഹിതം 60:40 എന്ന അനുപാതത്തിൽ ആക്കണമെന്ന് സംസ്ഥാനം കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | ഡിവിസിബിൾ പൂളിൽ നിന്നും സെസ്, സർചാർജ് തുടങ്ങിയവ ഒഴിവാക്കി കൂടുതൽ തുക കേന്ദ്ര സർക്കാർ സമാഹരിക്കുന്ന സാഹചര്യത്തിൽ സംസ്ഥാനങ്ങളുമായി പങ്കുവെയ്ക്കുന്ന നികുതി വിഹിതം വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ; | (ബി) | സെസുകളുടെയും സർചാർജുകളുടെയും വർദ്ധനവ് കാരണം മൊത്തം കേന്ദ്ര നികുതി വരുമാനവും ഡിവിസിബിൾ പൂളിൽ നിന്നും സംസ്ഥാനങ്ങളുമായി പങ്കു വയ്ക്കേണ്ട നികുതിയും തമ്മിലുള്ള അനുപാതത്തിൽ വളരെയധികം കുറവ് വന്നിട്ടുണ്ട്. ആയതിനാൽ കേന്ദ്ര സർക്കാർ സെസുകളും സർചാർജുകളും ചുമത്തുന്നത് ഒഴിവാക്കണമെന്നും അല്ലാത്തപക്ഷം ഇതിൽ നിന്നുള്ള വരവ് സംസ്ഥാനങ്ങൾക്കു കൂടി ആനുപാതികമായി ലഭിക്കുന്ന തരത്തിലുള്ള നിയമ പരിരക്ഷയുള്ള സംവിധാനം ഉണ്ടാക്കണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) | കേന്ദ്ര വിവേചനം അതിജീവിച്ചുകൊണ്ട് വികസന, സാമൂഹ്യ സേവന മേഖലകളിലെ ചെലവുയർത്തി ത്വരിതഗതിയിലുള്ള വികസനം സാധ്യമാക്കുകയെന്ന ലക്ഷ്യം നേടുന്നതിന് അനുയോജ്യമായ തരത്തിലാണോ വികസന തന്ത്രം ആവിഷ്കരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും സാമൂഹ്യ ക്ഷേമ, വികസന ചെലവുകളിൽ പരമാവധി വർദ്ധനവ് വരുത്തി സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനവും സാധാരണ ജനജീവിതവും ഉറപ്പുവരുത്തുകയെന്ന ദ്വിമുഖ തന്ത്രമാണ് സർക്കാർ വിഭാവനം ചെയ്ത് നടപ്പിലാക്കി വരുന്നത്.മുൻ വർഷങ്ങളിൽ സമ്പദ് വ്യവസ്ഥക്ക് അകത്തു നിന്നും പുറത്തു നിന്നും ഉണ്ടായ തടസ്സങ്ങളിൽ നിന്നും മോചനം നേടി പുനർ നിർമ്മാണ പ്രക്രിയയ്ക്ക് ആക്കം |

| | | | |
|---|---|---|---|
| | | | കൂട്ടുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. നികുതി നികുതിയേതര വരുമാനം ഉയർത്തിയും അനാവശ്യ ചെലവുകളും ധൂർത്തുകളും ഒഴിവാക്കിക്കൊണ്ടും റവന്യൂ കമ്മി ക്രമേണ ഇല്ലാതാക്കിയും ധനകമ്മിയും കടവും സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോത്പാദനത്തിന്റെ നിശ്ചിത പരിധിയിൽ നിർത്തിയും കടമെടുക്കുന്ന തുക പൂർണ്ണമായും വികസനപ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുകയെന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചു വരുന്നത്. സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ മേഖലയുടെ വികസനം ലക്ഷ്യമാക്കി മുൻ വർഷത്തെ അപേക്ഷിച്ച് കൂടുതൽ വിഹിതമാണ് നടപ്പു വർഷം മൂലധന ചെലവുകൾക്കായി ബജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഇതിനു പുറമേ കിഫ്ബിയുടെ നിക്ഷേപം അടിസ്ഥാന സൗകര്യ മേഖലയെ ചലനാത്മകമാക്കുകയും ചെയ്യും. |

സെക്ഷൻ ഓഫീസർ